

● 2018-ൽ ഇടുക്കി അണക്കെട്ട് തുറന്നപ്പോൾ. *(ഫയൽ ചിത്രം)*

● ഇടുക്കിയിലെ മഹാപ്രളയത്തിന് എട്ടുവർഷം

മായാതെ ദുരന്തത്തിന്റെ അടയാളങ്ങൾ

● സർക്കാർ കണക്കനുസരിച്ച് ഇടുക്കിയിൽ പ്രളയത്തിൽ 59 പേർ മരിച്ചു
● 11,530 ഹെക്ടർ കൃഷിഭൂമി നശിച്ചു
● 1,992 വീടുകൾ പൂർണമായും 7,200 വീടുകൾ ഭാഗികമായും തകർന്നു

ചെറുതോണി: ഇടുക്കിയെ നടുക്കിയ മഹാപ്രളയത്തിന് ഇന്ന് എട്ടുവർഷം. ഇരുട്ടും തോരാമഴയും വെള്ളപ്പൊക്കവും ഉരുൾപൊട്ടലും മലയിടിച്ചിലും ചേർന്ന് നാടിനെ വിഴുങ്ങിയ 2018ലെ ദുരന്തത്തിന്റെ ഓർമകൾ ഇന്നും നാട്ടുകാരുടെ മനസിൽ ഭീതിയോടെ നിലനിൽക്കുന്നു. റോഡുകൾ മുറിഞ്ഞും വീടുകൾ നിലംപൊത്തിയും കൃഷിയിടങ്ങൾ ഒലിച്ചുപോയും ഉണ്ടായ ദുരന്തത്തിന്റെ മുറിപ്പാടുകൾ എട്ടു വർഷം പിന്നിട്ടിട്ടും പൂർണമായി മാഞ്ഞിട്ടില്ല. സർക്കാർ കണക്കനുസരിച്ച് ഇടുക്കിയിൽ പ്രളയത്തിൽ 59 പേർ മരിച്ചു. 16,630 കുടുംബങ്ങൾ ദുരന്തബാധിതരായി. 11,530 ഹെക്ടർ കൃഷിഭൂമി നശിച്ചു. 1,992 വീടുകൾ പൂർണമായും 7,200 വീടുകൾ ഭാഗികമായും തകർന്നു.

ഏകദേശം 30,000 പേർ ദുരിതാശ്വാസ ക്യാമ്പുകളിൽ കഴിഞ്ഞു. നഷ്ടപരിഹാരത്തിനായി 32,991 പേർ സർക്കാരിന് അപേക്ഷ നൽകി. 2018 ഓഗസ്റ്റ് ഒൻപതിനാണ് ഇടുക്കിയിൽ മഴ ശക്തിപ്രാപിച്ചത്. തുടർന്നുള്ള ദിവസങ്ങളിൽ മഴ അതിതീവ്രമായതോടെ ജില്ലയുടെ വിവിധ ഭാഗങ്ങളിൽ ഉരുൾപൊട്ടലും മണ്ണിടിച്ചിലും വെള്ളപ്പാച്ചിലും വ്യാപകമായി. പ്രകൃതിയുടെ സംഹാരതാണ്ഡവത്തിന് ഇരയായ ഉപ്പുതോട് ഗ്രാമം ഇന്നും ആ ദുരന്തത്തിന്റെ ഭീതിയിൽനിന്ന് പൂർണമായി മുക്തമായിട്ടില്ല. ഒരു കുടുംബത്തിലെ മൂന്ന് പേരുൾപ്പെടെ നാലുപേർ മരിക്കുകയും വ്യാപകമായ നാശനഷ്ടങ്ങൾ ഉണ്ടാവുകയും ചെയ്തിരുന്നു.

അന്ന് സെന്റ് ജോസഫ് പള്ളിയുടെ പാരീഷ് ഹാളിൽ തുറന്ന ദുരിതാശ്വാസ ക്യാമ്പിൽ 531 പേരെയും എസ്.എൻ.ഡി.പി. ഓഡിറ്റോറിയത്തിൽ 260 പേരെയും മാറ്റിപ്പാർപ്പിച്ചു. ഉരുൾപൊട്ടലിൽ കാണാതായ രാജമ്മയുടെ മൃതദേഹം ഇന്നും കണ്ടെത്താനായിട്ടില്ല. കരിമ്പൻ പ്രദേശത്തും പ്രളയം വലിയ നാശമാണ് വിതച്ചത്. ഓഗസ്റ്റ് 18ന് പെയ്ത ശക്തമായ മഴയിൽ ചെറുതോണി പട്ടണത്തോടു ചേർന്ന ഗാന്ധിനഗർ കോളനി തകർന്നടിഞ്ഞു. ഇവിടെ ആറുപേരാണ് മരിച്ചത്. സംസ്കരിക്കാൻ സ്ഥലമില്ലാത്തതിനാൽ നാല് പേരുടെ മൃതദേഹങ്ങൾക്ക് കോളനിയിലെ നടുറോഡിൽ ചിതയൊരുക്കേണ്ടിവന്ന സംഭവം ഇന്നും നാട്ടുകാർ വേദനയോടെയാണ് ഓർക്കുന്നത്. കീരിത്തോട് മുതൽ പെരിയാർവാലി വരെയുള്ള പ്രദേശങ്ങളും അന്നത്തെ ഉരുൾപൊട്ടലിൽ തകർന്നു. കാലവർഷം മരണത്തിനൊപ്പം കനത്ത നാശനഷ്ടങ്ങളും വിതച്ചു. കീരിത്തോട്ടിൽ ഉരുൾപൊട്ടൽ ഇന്നും തുടർക്കഥയാണ്. വാത്തിക്കുടിയും പെരുങ്കാലയും നേരിട്ടത് അതിലും ഭീതിജനകമായ ദുരന്തമായിരുന്നു. കനത്ത മഴയെ തുടർന്ന് 26 വർഷത്തിനുശേഷം ഇടുക്കി അണക്കെട്ടിന്റെ ചെറുതോണി ഷട്ടറുകൾ തുറന്നത് പ്രളയത്തിന്റെ തീവ്രത വർധിപ്പിച്ചു. ആളപായമുണ്ടായില്ലെങ്കിലും ചെറുതോണി ടൗണിന്റെ ഒരു ഭാഗം വെള്ളത്തിൽ മുങ്ങി.

ഇരുപതോളം കടകൾ ഉൾപ്പെടെ നിരവധി വ്യാപാര സ്ഥാപനങ്ങൾ വെള്ളപ്പാച്ചിലിൽ തകർന്നു. പണവും സാധനങ്ങളും ഉൾപ്പെടെ സമ്പാദ്യമെല്ലാം വെള്ളത്തിൽ ഒഴുകിപ്പോകുന്നത് നിസഹായരായി നോക്കിനിൽക്കാനേ വ്യാപാരികൾക്ക് കഴിഞ്ഞുള്ളൂ. ചെറുതോണി ബസ് സ്റ്റാൻഡും ചെക്ക്ഡാമും വെള്ളപ്പാച്ചിലിൽ തകർന്നു. നിരവധി വീടുകളിൽ വെള്ളം കയറി. ദുരന്തത്തിന് എട്ടുവർഷം പിന്നിട്ടിട്ടും പല കുടുംബങ്ങളും പഴയ ജീവിതത്തിലേക്ക് പൂർണമായി തിരിച്ചെത്തിയിട്ടില്ല. കാലം കടന്നുപോയെങ്കിലും 2018ലെ മഹാപ്രളയം ഇടുക്കിയുടെ ഓർമകളിൽ ഇന്നും മായാത്ത ദുരന്തമായി തുടരുകയാണ്.

വള്ളക്കടവിലെ ആദിദേവിന് അടിയന്തര ചികിത്സയും സംരക്ഷണവും ഉറപ്പാക്കി

ഇടുക്കി: ജില്ലയിലെ പീരുമേട് ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസിന്റെ പരിധിയിൽ, കുമളി ഗ്രാമപഞ്ചായത്തിലെ വള്ളക്കടവ് ഫോറസ്റ്റ് കോർട്ടേഴ്സിൽ താമസിക്കുന്ന മലമ്പണ്ടാര വിഭാഗത്തിൽപ്പെട്ട 4 വയസുകാരൻ ആദിദേവിന്റെ ആരോഗ്യപരിചരണവും സുരക്ഷിതമായ സംരക്ഷണവും ഇടുക്കി ചൈൽഡ് വെൽഫെയർ കമ്മിറ്റി ഏറ്റെടുത്തു.

2026 ജൂലൈ 13-ന് വള്ളക്കടവിൽ നടന്ന മെഡിക്കൽ ക്യാമ്പിനിടെ കുട്ടിയിൽ പോഷകാഹാരക്കുറവ് മൂലമുള്ള ആരോഗ്യപ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെടുകയായിരുന്നു. തുടർന്ന് പട്ടികവർഗ വികസന വകുപ്പിന്റെ നേതൃത്വത്തിൽ ആവശ്യമായ ഇടപെടലുകൾ നടത്തുകയും, ജൂലൈ 17-ന് കോട്ടയം മെഡിക്കൽ കോളജ് കുട്ടികളുടെ ആശുപത്രിയിൽ കുട്ടിയെ പ്രവേശിപ്പിച്ച് വിദഗ്ധ ചികിത്സ ലഭ്യമാക്കുകയും ചെയ്തു. തുടർന്ന് ഒരു മാസം നീണ്ടുനിൽക്കുന്ന തുടർചികിത്സയും ആരോഗ്യപരിചരണവും ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. പിതാവിന്റെ മരണത്തെ തുടർന്ന് കുട്ടിക്ക് ആവശ്യമായ പരിചരണവും സംരക്ഷണവും വീട്ടിൽ നിന്ന് പൂർണമായി ലഭ്യമാകാത്ത സാഹചര്യം കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെട്ടു.

കുട്ടിയുടെ ശാരീരികവും മാനസികവുമായ ആരോഗ്യം, സുരക്ഷ, ദീർഘകാല വളർച്ച എന്നിവ മുൻനിർത്തി സിഡബ്ല്യുസിയും ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ ഓഫീസറും ബന്ധപ്പെട്ട വകുപ്പുകളുമായി ഏകോപിച്ച് തുടർനടപടികൾ സ്വീകരിച്ചു. ഇതിന്റെ ഭാഗമായി കുട്ടിയെ തൊടുപുഴയിലെ മദർ ആന്റ് ചൈൽഡ് ഫൗണ്ടേഷനിൽ സുരക്ഷിത സംരക്ഷണത്തിനായി പ്രവേശിപ്പിക്കുകയും ആവശ്യമായ ചികിത്സ, പോഷകാഹാരം, പരിചരണം, വിദ്യാഭ്യാസം എന്നിവ ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. കുട്ടിയുടെ ആരോഗ്യനിലയും പുനരധിവാസവും ചൈൽഡ് വെൽഫെയർ കമ്മിറ്റി നിരന്തരം നിരീക്ഷിക്കുന്നതാണ്. കുട്ടിയുടെ മികച്ച താൽപര്യം മുൻനിർത്തി, ജുവനൈൽ ജസ്റ്റിസ് (കെയർ ആൻഡ് പ്രൊട്ടക്ഷൻ ഓഫ് ചിൽഡ്രൻ) ആക്ട് പ്രകാരമുള്ള എല്ലാ സംരക്ഷണ നടപടികളും തുടർന്നും ഉറപ്പാക്കുമെന്ന് ചൈൽഡ് വെൽഫെയർ കമ്മിറ്റി ചെയർമാൻ സെബാസ്റ്റ്യൻ മാത്യു അറിയിച്ചു.

കട്ടപ്പന ഗവ. ഐ.ടി.ഐയിൽ ജൂനിയർ ഇൻസ്ട്രക്ടർ

കട്ടപ്പന: ഗവ. ഐ.ടി.ഐയിൽ ജൂനിയർ ഇൻസ്ട്രക്ടർ (ഇലക്ട്രോണിക് മെക്കാനിക്), ജൂനിയർ ഇൻസ്ട്രക്ടർ (റെഫ്രിജറേഷൻ എയർ കണ്ടീഷനിങ് ടെക്നീഷ്യൻ) എന്നീ തസ്തികകളിലെ ഓരോ ഒഴിവുകളിലേക്ക് യഥാക്രമം ഇ/ബി/റ്റി, ഒസി എന്നീ വിഭാഗങ്ങളിൽനിന്നും ഗസ്റ്റ് ഇൻസ്ട്രക്ടർ നിയമനം നടത്തും. ഈ വിഭാഗത്തിലെ ഉദ്യോഗാർഥികൾക്ക് മുൻഗണന ലഭിക്കും. സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള തൊഴിൽ പരിചയ സർട്ടിഫിക്കറ്റുകൾ പി.എസ്.സി ക്ക് മുൻപാകെ സമർപ്പിക്കുന്ന മാതൃകയിലുള്ളതായിരിക്കണം.

അഭിമുഖത്തിന് ഹാജരാക്കുന്ന യോഗ്യതാ സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തിയിരിക്കുന്ന പേരും, ജനനത്തീയതിയും തിരിച്ചറിയൽ രേഖയിലെ പോലെയാണെന്ന് ഉദ്യോഗാർഥി ഉറപ്പുവരുത്തണം. നിശ്ചിത യോഗ്യതയുള്ള ഉദ്യോഗാർഥികൾ 20 ന് രാവിലെ 10.30 ന് അഭിമുഖത്തിൽ പങ്കെടുക്കുന്നതിന് കട്ടപ്പന ഗവ. ഐ.ടി.ഐ പ്രിൻസിപ്പൽ മുൻപാകെ എല്ലാ അസൽ സർട്ടിഫിക്കറ്റുകളും കാറ്റഗറി തെളിയിക്കുന്നതിന് വില്ലേജ് ഓഫീസറിൽ താഴെയല്ലാത്ത റവന്യൂ അധികാരികൾ നൽകുന്ന മേൽത്തട്ടിൽപെട്ടിട്ടില്ല എന്നുള്ള സർട്ടിഫിക്കറ്റ്, തിരിച്ചറിയൽ രേഖയും അവയുടെ പകർപ്പുകളുമായി ഹാജരാകണം.ഫോൺ: 04868 272216

പച്ചമലയാളം സർട്ടിഫിക്കറ്റ് കോഴ്സ് പരീക്ഷ

ഇടുക്കി: സംസ്ഥാന സാക്ഷരതാ മിഷന്റെ പച്ചമലയാളം സർട്ടിഫിക്കറ്റ് കോഴ്സ് പരീക്ഷ സമ്പർക്ക പഠനകേന്ദ്രങ്ങളിൽ നടത്തി.

മലയാള ഭാഷയിൽ പ്രാവീണ്യം കുറഞ്ഞവർക്ക് ആധികാരികമായി മലയാളം പഠിക്കാൻ സംസ്ഥാന സാക്ഷരതാ മിഷൻ ആരംഭിച്ചതാണ് പച്ചമലയാളം സർട്ടിഫിക്കറ്റ് കോഴ്സ്. തൊടുപുഴ എ.പി.ജെ.എച്ച്.എസ്.എസ്, മൂന്നാർ ആംഗ്ലോ തമിഴ് പ്രൈമറി സ്കൂൾ എന്നിവയായിരുന്നു പരീക്ഷാ കേന്ദ്രങ്ങൾ. തൊടുപുഴ എ.പി.ജെ. എച്ച്.എസ്.എസ് പരീക്ഷാകേന്ദ്രത്തിൽ സാക്ഷരതാ മിഷൻ ജില്ലാ കോ-ഓഡിനേറ്റർ പി എം അബ്ദുൾകരീം പഠിതാക്കൾക്ക് ചോദ്യപേപ്പർ നൽകി. ഡോ. സുമി എം.കെ, സാദിര കെ.എസ്, ബെന്നി ജോൺ, രമ്യ പി എന്നിവർ പരീക്ഷയ്ക്ക് നേതൃത്വം നൽകി. മൂന്നാർ ആംഗ്ലോ തമിഴ് പ്രൈമറി സ്കൂളിൽ ഹെഡ് മാസ്റ്റർ ഷൺമുഖവേൽ. കെ. മൂന്നാർ ഗ്രാമപഞ്ചായത്ത് മെമ്പറും പഠിതാവുമായ ചിത്രദേവിക്ക് ചോദ്യാവലി നൽകി. ഡോ. നസീറ എം. എസ്. വിനു.പി ആന്റണി, ജസ്ന പി ജോസ്, ഡെയ്സി ചാക്കോ എന്നിവർ പരീക്ഷയ്ക്ക് നേതൃത്വം നൽകി.

● സൈക്കിൾ മറിഞ്ഞു

വിദ്യാർഥിയുടെ തുടയിൽ സൈക്കിളിന്റെ ഹാൻഡിൽ ഒടിഞ്ഞ് കുത്തിക്കയറി

● ഗുരുതര പരുക്ക്

തൊടുപുഴ: പരീക്ഷയ്ക്കായി സ്കൂളിലേക്ക് പോകുംവഴി സൈക്കിൾ മറിഞ്ഞ് സ്കൂൾ വിദ്യാർഥിയുടെ തുടയിൽ സൈക്കിളിന്റെ ഹാൻഡിൽ കുത്തിക്കയറി ഗുരുതര പരുക്ക്. മുതലക്കോടം സെന്റ് ജോർജ് ഹയർ സെക്കൻഡറി സ്കൂളിലെ എട്ടാം ക്ലാസ് വിദ്യാർഥി രണ്ട്പാലം കണ്ടോത്ത്മാട്ടയിൽ അനീഷിന്റെ മകൻ മുസമ്മൽ അനിഷിന്റെ (13) തുടയിലാണ് കമ്പി കയറി ഗുരുതരമായി പരുക്കേറ്റത്. ഇന്നലെ ഉച്ചയോടെയാണ് അപകടം. പരീക്ഷയ്ക്കായി സ്കൂളിലേക്ക് പോകും വഴി സ്കൂളിനു സമീപമാണ് അപകടം. സൈക്കിൾ റോഡിലെ കുഴിയിൽ വീണ് മറിഞ്ഞതിനെ തുടർന്ന് ഹാൻഡിൽ ഒടിഞ്ഞ് തുടയിൽ കുത്തിക്കയറിയ കമ്പി മറുവശത്ത് വന്ന നിലയിലായിരുന്നു. ഫയർഫോഴ്സ് എത്തിയാണ് കമ്പി മുറിച്ചുനീക്കിയത്. തുടർന്ന് ഫയർഫോഴ്സ് ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ മുതലക്കോടത്തെ ആശുപത്രിയിൽ എത്തിച്ചെങ്കിലും വിദഗ്ധ ചികിത്സക്കായി പാലായിലെ മാർ സ്ലീവ മെഡിസിറ്റിയിൽ പ്രവേശിപ്പിച്ചു.

സ്പെഷൽ പബ്ലിക് പ്രോസിക്യൂട്ടർമാരുടെ തസ്തികകളിലേക്ക് അപേക്ഷ ക്ഷണിച്ചു

ഇടുക്കി: ജില്ലയിലെ വിവിധ കോർട്ട് സെന്ററുകളിലെ ഫാസ്റ്റ് ട്രാക്ക് സ്പെഷ്യൽ കോടതികൾ, അഡീഷണൽ ജില്ലാ സെഷൻസ് കോടതി-ഹ, (പോക്സോ) തൊടുപുഴ എന്നീ കോടതികളിലെ കേസുകൾ കൈകാര്യം ചെയ്യുന്നതിന് സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടർമാരുടെ തസ്തികകളിലേക്ക് നിയമനം നടത്തുന്നതിനുള്ള അഭിഭാഷകരുടെ പാനലിൽ ഉൾപ്പെടുത്തുന്നതിന് യോഗ്യരായ അഭിഭാഷകരിൽ നിന്നും അപേക്ഷ ക്ഷണിച്ചു.

ബാർ കൗൺസിലിൽ എന്റോൾ ചെയ്തിട്ടുള്ളതും കുറഞ്ഞത് 7 വർഷം പ്രാക്ടീസുള്ളതുമായ യോഗ്യരായ അഭിഭാഷകർ പാസ്പോർട്ട് സൈസ്, ഫോട്ടോ പതിച്ച ബയോഡാറ്റയും ജനനത്തീയതി, ജാതി, യോഗ്യത, ബാർ കൗൺസിൽ രജിസ്ട്രേഷൻ എന്നിവ തെളിയിക്കുന്ന രേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്, പ്രാക്ടീസ് സംബന്ധിച്ച് ബാർ അസോസിയേഷനിൽ നിന്നുമുള്ള അസൽ സാക്ഷ്യപത്രം കൂടാതെ അപേക്ഷകൻ/അപേക്ഷക നടത്തിയ ഗൗരവമുള്ള മൂന്നോ നാലോ സെഷൻസ് കേസുകളുടെയും, ക്രിമിനൽ കേസുകളുടെയും, വിധിപ്പകർപ്പ് എന്നിവ സഹിതമുള്ള അപേക്ഷ സെപ്റ്റംബർ 1 ന് വൈകിട്ട് 5 ന് മുൻപായി ജില്ലാ കലക്ടറുടെ കാര്യാലയത്തിൽ നേരിട്ടോ തപാൽ മുഖേനയോ അപേക്ഷ സമർപ്പിക്കണം. ഫോൺ: 04862 232242, 04862 232303

തൊടുപുഴ സീമാസിൽ ഓണപ്പകിട്ട്

തൊടുപുഴ: മികച്ച സെലക്ഷനും ക്വാളിറ്റിയുമുള്ള ഓണം കളക്ഷൻ സാണ് തൊടുപുഴ സീമാസ് ഓണത്തിനായി ഒരുക്കിയിരിക്കുന്നത്. കൂടാതെ ചിങ്ങമാസത്തിലെ താലികെട്ടിന് ലേറ്റസ്റ്റ് വെഡ്ഡിങ് സാരികൾക്ക് പ്രത്യേക സെക്ഷൻ സജ്ജമാക്കിയിട്ടുണ്ട്. ഓണപ്പകിട്ടിലൂടെ തിരുവോണം വരെ 90% വരെയുള്ള ഉത്പന്നങ്ങൾക്കും ബൈ വൺ ഗെറ്റ് വൺ ഓഫർ ഒരുക്കിയിരിക്കുന്നു. ഓണം സെപ്ഷൽ സെറ്റ്മുണ്ട് -199 രൂപ, സെറ്റ് സാരി -299 രൂപ, റെഡിമെയ്ഡ് ബ്ലൗസ് -75 രൂപ, മെൻസ് ഷർട്ട് -299 രൂപ, ബാഗി ജീൻസ് -650 രൂപ മുതൽ മദ്രാസ് ചോക്ക് മെറ്റിയിരിയൽസ് -99 രൂപ മുതൽ എന്നിങ്ങനെ ബജറ്റ് ഫ്രെണ്ട്ലിയായ ഉത്പന്നങ്ങൾ ഓണപ്പകിട്ടിലൂടെ തൊടുപുഴ സീമാസിൽനിന്നും സ്വന്തമാക്കാം.



● തൊടുപുഴ മുനിസിപ്പൽ കൃഷിഭവന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച കർഷക ദിനാചരണവും കർഷകരെ ആദരിക്കലും നഗരസഭ ചെയർപഴ്സൺ സാബിറ ജലീൽ ഉദ്ഘാടനം ചെയ്യുന്നു.

കുഞ്ഞുസഹോദരങ്ങൾക്ക് കേൾവിയുടെ പുതിയ ലോകം തുറന്ന് കാതോട്കാതോരം

പീരുമേട്: ജന്മനാ കേൾവിക്കുറവുണ്ടായിരുന്ന വണ്ടിപ്പെരിയാറിലെ സഹോദരങ്ങളായ മിഖായേലിനും മിഹോക്കിനും കേൾവിയുടെ പുതിയ ലോകത്തേക്ക് വാതിൽ തുറന്ന് നടൻ മമ്മൂട്ടി. മമ്മൂട്ടിയുടെ നേതൃത്വത്തിലുള്ള കെയർ ആൻഡ് ഷെയർ ഇന്റർനാഷണൽ ഫൗണ്ടേഷനും ആലുവ രാജഗിരി ആശുപത്രിയും സംയുക്തമായി നടപ്പാക്കുന്ന കാതോട് കാതോരം പദ്ധതിയിലൂടെയാണ് ഇരുവരുടെയും സൗജന്യ കോക്ലിയർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയ വിജയകരമായി പൂർത്തിയാക്കിയത്.

വണ്ടിപ്പെരിയാർ സ്വദേശികളായ സോനു-ബോബിന ദമ്പതികളുടെ മക്കളാണ് മിഖായേലും മിഹോക്കും. മിഖായേലിന് രണ്ട് വയസുള്ളപ്പോഴാണ് കേൾവിത്തകരാർ മാതാപിതാക്കൾ തിരിച്ചറിഞ്ഞത്. പിന്നീട് നടത്തിയ പരിശോധനയിലാണ് ഉൾക്കാതിലെ ശ്രവണകോശങ്ങൾക്ക് തകരാറുണ്ടെന്ന് കണ്ടെത്തിയത്. രണ്ടാമത്തെ കുട്ടിയായ മിഹോക്കിനും സമാനമായ പ്രശ്നം കണ്ടെത്തുകയായിരുന്നു. ചെറുപ്രായത്തിൽ തന്നെ കോക്ലിയർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയ നടത്തിയാൽ മാത്രമേ കുട്ടികൾക്ക് കേൾവിയും സംസാരശേഷിയും വികസിപ്പിക്കാൻ കഴിയൂവെന്ന് ഡോക്ടർമാർ നിർദേശിച്ചു.

എന്നാൽ ലയത്തിൽ ദിവസവേതനത്തിന് ജോലി ചെയ്യുന്ന സോനുവിന് രണ്ട് കുട്ടികളുടെയും ചികിത്സയ്ക്കായി ആവശ്യമായ ഏകദേശം 25 ലക്ഷം രൂപ കണ്ടെത്തുക ബുദ്ധിമുട്ടായിരുന്നു. സർക്കാർ സൗജന്യ ശസ്ത്രക്രിയാ പദ്ധതിയുടെ കാത്തിരിപ്പ് പട്ടികയിൽ കഴിയുന്നതിനിടെയാണ് ബോബിന കാതോട് കാതോരം പദ്ധതിയെക്കുറിച്ച് അറിയുന്നത്. തുടർന്ന് കെയർ ആൻഡ് ഷെയർ ഫൗണ്ടേഷനെ സമീപിച്ചതോടെ കുട്ടികളുടെ മുഴുവൻ ചികിത്സാച്ചെലവും സംഘടന ഏറ്റെടുക്കുകയായിരുന്നു. ആലുവ രാജഗിരി ആശുപത്രിയിലെ വിദഗ്ധ മെഡിക്കൽ സംഘത്തിന്റെ നേതൃത്വത്തിലായിരുന്നു ശസ്ത്രക്രിയ. ഇ.എൻ.ടി, ഹെഡ് ആന്റ് നെക്ക് സർജറി വിഭാഗം മേധാവി ഡോ. രാജേഷ് രാജു ജോർജ്, ഇ.എൻ.ടി സർജൻ ഡോ. സജിത്ത് അബ്രഹാം, അനസ്തേഷ്യ വിഭാഗം മേധാവി ഡോ. ജോജി ആന്റണി, ഇംപ്ലാന്റ് കോ-ഓർഡിനേറ്റർ എൽജി എം. മാത്യു, സീനിയർ ഓഡിയോളജിസ്റ്റ് അബിൻ ലാസർ, സീനിയർ സ്പീച്ച് തെറാപ്പിസ്റ്റ് സാറ പോൾ എന്നിവർ ചികിത്സയ്ക്ക് നേതൃത്വം നൽകി.



● മിഖായേലും മിഹോക്കും രക്ഷിതാക്കൾക്കൊപ്പം.

ജന്മനാ കേൾവിയില്ലാത്ത കുട്ടികളിൽ എത്രയുംവേഗം ശസ്ത്രക്രിയ നടത്തുന്നത് സ്വാഭാവികമായ സംസാരശേഷി കൈവരിക്കാൻ സഹായിക്കുമെന്ന് ഡോ. രാജേഷ് രാജു ജോർജ് പറഞ്ഞു. നിലവിൽ ശബ്ദങ്ങൾ തിരിച്ചറിയാനും സംസാരിക്കാനുമുള്ള ഓഡിറ്ററി വെർബൽ തെറാപ്പി പരിശീലനത്തിലാണ് മിഖായേലും മിഹോക്കും. കുട്ടികളുടെ ജീവിതത്തിലേക്ക് ശബ്ദത്തിന്റെയും സംസാരത്തിന്റെയും പുതിയ പ്രതീക്ഷയാണ് കാതോട് കാതോരം പദ്ധതിയിലൂടെ തുറന്നിരിക്കുന്നത്.

സ്പോട്ട് അഡ്മിഷൻ

ഇടുക്കി: 2026-27 വർഷത്തെ ഐ.ടി.ഐ പ്രവേശനത്തിൽ കരുണാപുരം ഗവ ഐ.ടി. ഐയിലെ ഡ്രാഫ്റ്റ്സ്മാൻ സിവിൽ, കംപ്യൂട്ടർ ഓപ്പറേറ്റർ പ്രോഗ്രാമിംഗ് അസിസ്റ്റന്റ് എന്നീ ട്രേഡുകളിൽ ജനറൽ, എസ്.സി, എസ്.ടി വിഭാഗത്തിലും പെൺകുട്ടികൾക്കായി സംവരണം ചെയ്തിരിക്കുന്ന വിഭാഗത്തിലും ഒഴിവുള്ള സീറ്റുകളിൽ സ്പോട്ട് അഡ്മിഷൻ നടത്തും. താൽപര്യമുള്ളവർ എസ്.എസ്.എൽ.സി, പ്ലസ്ടു, ടിസി, ജാതി സർട്ടിഫിക്കറ്റ് എന്നിവയുടെ അസലും പകർപ്പുകളും സഹിതം ഐ.ടി.ഐയിൽ നേരിട്ട് ഹാജരാകണമെന്ന് പ്രിൻസിപ്പൽ അറിയിച്ചു. എസ്.എസ്.എൽ.സി ജയിച്ചവർക്കും തത്തുല്യയോഗ്യതയുള്ളവർക്കും 21 വരെ അപേക്ഷ സമർപ്പിച്ച് അഡ്മിഷൻ നേടാം. അപേക്ഷഫീസ് 100 രൂപ. അപേക്ഷ ഫോമുകൾ ഐ.ടി.ഐ ഓഫീസിൽ നിന്നും ലഭിക്കും. ഫോൺ: 04868-291050, 9496334029 9562202388.

നോട്ടീസ്

തേനി ജില്ലയിൽ ഉത്തമ പാളയം താലൂക്കിൽ കമ്പം.പി.ഒ കുളക്കാരൻ സ്ട്രീറ്റിൽ വീട്ടുനമ്പർ 25 ൽ താമസം ഷംസുദ്ദീൻ മകൻ മുഹമ്മദ് റസാക്ക് ജൈത്വതി (27) എന്നയാൾ ടിയാൻ പേരിൽ ഉള്ള ഉടുമ്പൻചോല താലൂക്കിൽ പാമ്പാടുംപാറ വില്ലേജിൽ ആദിയാർപുരം ഭാഗത്ത് Sy 25/1 resy 588/14 ൽ 24 are 70 sqm വസ്തുവിന്റെ ഉടമസ്ഥതയെ തെളിയിക്കുന്ന ഉടുമ്പൻചോല എസ് ആർ ഒയിലെ 1085/23 നമ്പർ ആധാരം ഈട് നൽകി വായ്പ എടുക്കുന്നതിനായി നെടുങ്കണ്ടം മലനാട് കാർഷിക ഗ്രാമ വികസന ബാങ്കിൽ അപേക്ഷ സമർപ്പിച്ചിട്ടുള്ളതാണ്.

എന്നാൽ ഒറിജിനൽ ആധാരത്തിന്റെ മുന്നാധാരങ്ങളായി വരുന്ന 1341/93, 2298/88, 2295/88, 655/99, patta No 1465 LA 2591/69 എന്നീ ആധാരങ്ങളുടെ ഒറിജിനൽ നഷ്ടപ്പെട്ടതായി കാണിച്ച് സർട്ടിഫൈഡ് പകർപ്പുകളും സത്യവാങ്മൂലവും സമർപ്പിച്ചിട്ടുള്ളതാണ്. നഷ്ടപ്പെട്ട ആധാരങ്ങളുടെ ഒറിജിനൽ ആരുടെയെങ്കിലും കൈവശമോ ഏതെങ്കിലും സ്ഥാപനങ്ങളിലോ ലഭ്യമായിട്ടുണ്ടെങ്കിൽ ഈ വിവരം 15 ദിവസത്തിനകം ബാങ്കിൽ രേഖാമൂലം പരാതി സമർപ്പിക്കേണ്ടതാണെന്നും അല്ലാത്തപക്ഷം ആർക്കും പരാതിയില്ലെന്ന് കാരണത്താൽ ടിയാന് വായ്പ അനുവദിച്ചു നൽകുന്നതാണെന്നും പിന്നീടുണ്ടാകുന്ന യാതൊരുവിധമായ ആക്ഷേപ പരാതികൾക്കും ബാങ്ക് ഉത്തരവാദി ആയിരിക്കുന്നതല്ലെന്നും ഇതിനാൽ സകലമാന പേരെയും അറിയിച്ചുകൊള്ളുന്നു

എന്ന്, സെക്രട്ടറി (ഒപ്പ്)
മലനാട് കാർഷിക വികസന ബാങ്ക്
നെടുംകണ്ടം
17.08.2026

MANAPPURAM FINANCE LTD.
CIN: L65910KL1992PLC006623,
Registered Office : W - 4/ 638A, Manappuram House, P.O. Valapad, Thrissur - 680 567, Kerala, India

സ്വർണ്ണലേല അറിയിപ്പ്

ഞങ്ങളുടെ സ്ഥാപനത്തിന്റെ വിവിധ ശാഖകളിൽ പണയം വച്ചിട്ടുള്ള സ്വർണ്ണാഭരണങ്ങൾ അതാത് ശാഖകളിൽ വച്ച് 16/09/2026 തിയ്യതികളിൽ രാവിലെ 10.00 മണി മുതൽ പരസ്യമായി ലേലം ചെയ്യുന്നതാണെന്ന് പൊതു ജനങ്ങളേയും പണയ ഇടപാടുകാരെയും പ്രത്യേകിച്ചും ഇതിനാൽ അറിയികുന്നു. സ്വർണ്ണാഭരണങ്ങൾ കമ്പനിയിൽ പണയം വയ്കുകയും കാലാവധി കഴിഞ്ഞതിനെ തുടർന്നു രജിസ്റ്റേർഡ് പോസ്റ്റായി അയച്ച കത്തുകൾ വഴി അറിയിച്ചിട്ടും പണയം വച്ച സ്വർണ്ണാഭരണങ്ങൾ തിരിച്ചെടുത്ത് ഇടപാടുകൾ അവസാനിഷിക്കുന്നതിൽ വീഴ്ച വരുത്തുകയും ചെയ്ത വിവിധ ആളുകളുടെ പണയ ഉരുപ്പടികൾ ആണ് ഇപ്പോൾ ലേലം ചെയ്യാൻ ഉദ്ദേശിക്കുന്നത്. ലേലത്തിന് വയ്ക്കുന്ന പണയ ഉരുപ്പടികളുടെ പട്ടിക അതാത് ശാഖകളിൽ പ്രദർശിപ്പിച്ചിട്ടുണ്ട്. ലേലത്തിൽ പോകാതെ ബാക്കിവരുന്ന പണയ ഉരുപ്പടികൾ മറ്റൊരു അറിയപ്പും നൽകാതെ വരും തീയ്യതികളിൽ ലേലം ചെയ്യുന്നതുമാണ്. ലേലത്തിന്റെ സ്ഥലത്തിലും തീയ്യതിയിലും എന്തെങ്കിലും മാറ്റങ്ങൾ ഉണ്ടെങ്കിൽ മുകളിൽ നൽകിയിട്ടുള്ള ലേല തീയ്യതിയിൽ അതാത് ലേല സ്ഥലത്ത് പ്രദർശിപ്പിക്കുന്നതും കമ്പനിയുടെ വെബ്സൈറ്റിൽ ഇടുന്നതുമാണ്. ഇതുമായി ബന്ധപ്പെട മറ്റൊരു അറിയിപ്പ് ഉണ്ടായിരിക്കുന്നതുമല്ല.

പണയങ്ങളുടെ പട്ടിക ബ്രാഞ്ചിന്റെ പേര് / പണയ നമ്പർ.....

ഇടുക്കി, അടിമാലി, 0102610700058397, 8496, 8515, 8526, 8527, 9346, 9359, 9361, 9363, 9365, 9376, 9416, 0102610730023836, 3837, 6136, 6137, 6148, 6165, 6185, 6197, 6198, 6201, 6210, 6211, 6212, 6214, 6215, 6216, 6225, 6227, 6230, 6238, 6252, 6259, 6267,